**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3095

20/12/2012 - ൽ മറുപടിക്ക്

**കൊരട്ടി ഗവൺമെന്റ് സെക്യൂരിറ്റി പ്രസ്സിന് മണ്ണെണ്ണ ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) കൊരട്ടിയിലെ കേന്ദ്ര ഗവൺമെന്റ് പ്രസ്സിന് മണ്ണെണ്ണ അനുവദിക്കുന്നതിനുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കൊരട്ടിയിലെ കേന്ദ്ര ഗവൺമെന്റ് പ്രസ്സിന് 1665 ലിറ്റർ മണ്ണെണ്ണ അനുവദിച്ചു നൽകണമെന്ന അപേക്ഷ സിവിൽ സപ്ലൈസ് ഡയറക്ടറുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) കേന്ദ്രത്തിൽ നിന്നുള്ള മണ്ണെണ്ണ വിഹിതം നിരന്തരം വെട്ടിക്കുറച്ചു കൊണ്ടിരിക്കുന്നതിനാൽ നിലവിലുള്ള റേഷൻ കാർഡുകൾക്കുപോലും അർഹമായ രീതിയിൽ മണ്ണെണ്ണ വിതരണം നടത്താൻ കഴിയാത്തതിനാലും പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്നതിനായി കേന്ദ്രം അനുവദിക്കുന്ന മണ്ണെണ്ണ വിളക്കു കത്തിക്കുന്നതിനും, ഗാർഹിക ആവശ്യത്തിനും മാത്രമേ ഉപയോഗിക്കാവൂ എന്ന് കേന്ദ്ര പെട്രോളിയം മന്ത്രാലയത്തിന്റെ 10-03-2008 - ലെ പി.21016/7/2008 നം. കത്തു പ്രകാരം അറിയിപ്പ് ലഭിച്ചിട്ടുള്ളതിനാലും പ്രസ്തുത അപേക്ഷ പരിഗണിക്കാൻ നിർവാഹമില്ല എന്ന് സിവിൽ സപ്ലൈസ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും കത്തു മുഖേന മറുപടി നൽകിയിരുന്നു. ഇത്തരം സ്ഥാപനങ്ങൾക്ക് നോൺ പി.ഡി.എസ്. മണ്ണെണ്ണ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ